'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATHA

## പതിനാലാം കേരള നിയമസഭ

### പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 862

05.02.2020ലെ മറുപടിയ്ക്ക്

### വനം വന്യജീവി വകുപ്പ് നൽകുന്ന നഷ്ടപരിഹാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കാട്ടുപോത്ത്,പന്നി,ആന എന്നിവയുടെ കുത്തേറ്റ് മനുഷ്യർ മരണപ്പെട്ടാൽ ആശ്രിതർക്ക് വനം വന്യജീവി വകുപ്പ് നഷ്ടപരിഹാരമായി പത്ത് ലക്ഷം രൂപ നൽകണമെന്ന് നിയമം വ്യവസ്ഥ ചെയ്യുന്നുണ്ടോ എന്ന് അറിയിക്കാമോ; | (എ) നിലവിൽ 05.04.2018 ലെ സർക്കാർ ഉത്തരവ് (കൈ) നം. 17/2018/വനം പ്രകാരം വന്യജീവികളുടെ ആക്രമണത്തിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരമായി പത്ത് ലക്ഷം രൂപ നല്കി വരുന്നുണ്ട്. |
| (ബി) നാട്ടിലെ വീട്ടിൽ വച്ചായാലും പാമ്പുകടിയേറ്റ് മരണപ്പെട്ടാൽ രണ്ട് ലക്ഷം രൂപ നഷ്ടപരിഹാരം നൽകണമെന്ന് നിയമം അനുശാസിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ ; | (ബി) 05.04.2018 ലെ സർക്കാർ ഉത്തരവ് (കൈ) നം.17/2018/വനം പ്രകാരം പുതുക്കിയ നിരക്കിൽ നഷ്ടപരിഹാരം നല്കി വരുന്നു. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 3(എ) 1 പ്രകാരം വനത്തിനു പുറത്തുവച്ച് പാമ്പുകടിയേറ്റ് ജീവഹാനി സംഭവിച്ചാൽ നഷ്ടപരിഹാരം 2 ലക്ഷം രൂപയായി നിജപ്പെടുത്തി ഉത്തരവായിട്ടുണ്ട്. |

| | |
|---|---|
| (സി) എന്നാൽ മരിക്കുന്നത് തേനീച്ചയോ കടന്നലോ കുത്തിയാണെങ്കിൽ നഷ്ടപരിഹാരം ലഭിക്കാത്ത സാഹചര്യമുണ്ടോ എന്ന് അറിയിക്കാമോ; | (സി) 1980 ലെ " The Kerala Rules for Payment of Compensation to Victims of Attack by Wild Animals, 1980" ൽ വന്യജീവി എന്ന് നിർവ്വചിച്ചിരിക്കുന്നത് വന്യജീവി (സംരക്ഷണ) നിയമം 1972, ഷെഡ്യൂൾ I , ഷെഡ്യൂൾ I I ൽ ഉൾപ്പെട്ടിട്ടുള്ള വന്യജീവികളെയാണ്. ഈ നിർവ്വചനത്തിൽപ്പെടുന്ന വന്യമൃഗങ്ങളുടെ ആക്രമണം മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് മാത്രമെ നിലവിലെ നിയമപ്രകാരം നഷ്ടപരിഹാരം ലഭിക്കുവാൻ അർഹതയുള്ളൂ. കടന്നൽ/തേനീച്ച എന്നിവ ഷെഡ്യൂൾ ഇനം വന്യജീവിയിൽ ഉൾപ്പെടുത്താത്തതിനാൽ കടന്നൽ/തേനീച്ച കുത്തി മരണപ്പെടുന്നതിന് നഷ്ടപരിഹാരം അനുവദിക്കുവാൻ നിലവിലെ ചട്ടങ്ങളിൽ വ്യവസ്ഥയില്ല. |
| (ഡി) നാട്ടിലും കാട്ടിലും കാണുന്ന ഒട്ടുമിക്ക ജീവികളും വന്യജീവി പട്ടികയിൽ വരുമ്പോൾ ഏറെ മരണങ്ങൾക്ക് കാരണമാകുന്ന കടന്നലും തേനീച്ചയും അതിൽ ഇല്ലാത്തതാണോ മരണപ്പെടുന്നവർക്ക് ആനുകൂല്യം ലഭിക്കാൻ തടസ്സമാകുന്നത് എന്ന് വ്യക്തമാക്കാമോ ; | (ഡി) 1980 ലെ " The Kerala Rules for Payment of Compensation to Victims of Attack by Wild Animals, 1980" ൽ വന്യജീവി എന്ന് നിർവ്വചിച്ചിരിക്കുന്നത് വന്യജീവി (സംരക്ഷണ) നിയമം 1972, ഷെഡ്യൂൾ I , ഷെഡ്യൂൾ I I ൽ ഉൾപ്പെട്ടിട്ടുള്ള വന്യജീവികളെയാണ്. ഈ നിർവ്വചനത്തിൽപ്പെടുന്ന വന്യമൃഗങ്ങളുടെ ആക്രമണം മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് മാത്രമെ നിലവിലെ നിയമപ്രകാരം നഷ്ടപരിഹാരം ലഭിക്കുവാൻ അർഹതയുള്ളൂ. കടന്നൽ/തേനീച്ച എന്നിവ ഷെഡ്യൂൾ ഇനം വന്യജീവിയിൽ ഉൾപ്പെടാത്തതിനാൽ കടന്നൽ/തേനീച്ച കുത്തി മരണപ്പെടുന്നതിന് നഷ്ടപരിഹാരം അനുവദിക്കുവാൻ നിലവിലെ ചട്ടങ്ങളിൽ വ്യവസ്ഥയില്ല. |
| (ഇ) എങ്കിൽ ഇത് പരിഹരിക്കുന്നതിന് 1980-ലെ നിയമത്തിലെ ബന്ധപ്പെട്ട ചട്ടം ഭേദഗതി ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ? | കടന്നൽ, തേനീച്ച കുത്തേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക്, വനത്തിനു പുറത്തു വച്ച് പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് നൽകുന്ന അതേ തുക നഷ്ടപരിഹാരമായി നൽകുന്നതിന് ചട്ടം ഭേദഗതി ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു |

Sujin

സെക്ഷൻ ഓഫീസർ